| 18-09-2021 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- പരോപകാരം വീട്ടില്‍ നിന്ന് തുടങ്ങണം, തന്റെ പരിവാരത്തിലുള്ളവര്‍ക്ക് ജ്ഞാനം കേള്‍പ്പിക്കൂ, തന്റെ ഒപ്പമുള്ളവരുടെ മംഗളം ചെയ്യൂ.**

**ചോദ്യം:** ഏതൊരു ശ്രീമതത്തെ പാലിക്കുന്ന കുട്ടികള്‍ക്കാണ് തങ്ങളുടെ അവസ്ഥയെ ഏകരസമാക്കി വെയ്ക്കാന്‍ സാധിക്കുന്നത്?

**ഉത്തരം:** അവസ്ഥയെ ഏകരസമാക്കി മാറ്റുന്നതിനുവേണ്ടി ബാബയുടെ ശ്രീമതമാണ് കുട്ടികളെ-ദിവസവും അതിരാവിലെ എഴുന്നേറ്റ് വളരെ സ്നേഹത്തോടു കൂടി ബാബയെ ഓര്‍മ്മിക്കൂ. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബ കേള്‍പ്പിക്കുന്നത് കേള്‍ക്കൂ. അഥവാ ഓര്‍മ്മിക്കുന്നില്ല എങ്കില്‍ വെറുതെ ചിന്തിച്ചുകൊണ്ടേയിരിക്കും, വ്യര്‍ത്ഥമായ ചിന്തകള്‍ വരും. അതുകൊണ്ടാണ് ബാബ നിര്‍ദേശം നല്‍കുന്നത്, കുട്ടികളെ, ദിവസവും അതിരാവിലെ എഴുന്നേറ്റ് സ്വയം സ്വയത്തോട് പ്രതിജ്ഞ ചെയ്യൂ-നടക്കുമ്പോഴും കറങ്ങുമ്പോഴും, കഴിക്കുമ്പോഴും, ഭോജനമുണ്ടാക്കുമ്പോഴും ഒരു ബാബയെ മാത്രം ഓര്‍മ്മിക്കും.

**ഓം ശാന്തി**. മധുര-മധുരമായ കുട്ടികള്‍ക്കറിയാം, ആത്മീയ അച്ഛനെയാണ് ഉയര്‍ന്നതിലും വെച്ച് ഉയര്‍ന്ന, എല്ലാ ആത്മാക്കളുടെയും അച്ഛന്‍ എന്ന് പറയുന്നത്. ബാബയെ തന്നെയാണ് ശിവായേ നമ: എന്ന് പറയുന്നത്. അച്ഛനെന്നും പറയുന്നു, സ്വര്‍ഗ്ഗത്തിന്റെ രചയിതാവാകുന്ന ബാബയെ പതിത-പാവനനെന്നും, ജ്ഞാനത്തിന്റെ സാഗരനെന്നും പറയുന്നു. നമ്മള്‍ ബാബയോടൊപ്പമാണ് എന്ന് നിങ്ങള്‍ മനസ്സിലാക്കുന്നു. ഇതാണ് നിങ്ങള്‍ കുട്ടികള്‍ക്ക് മനസ്സിലാക്കികൊടുക്കേണ്ടത്. ഒരു സ്ഥലത്ത് ഒരു ഗീതാപാഠശാലയില്‍ കൃഷ്ണന്റെ 6 അടി ഉയരമുള്ള ചിത്രമുണ്ടായിരുന്നു. കൃഷ്ണനെ ചെറിയ കുട്ടിയായിട്ടാണ് കാണിക്കുന്നത്, പിന്നീട് ഗീതയുടെ ഭഗവാനാണെന്നും പറയുന്നു. അപ്പോള്‍ ഗീത എപ്പോഴായിരിക്കും കേള്‍പ്പിച്ചി ട്ടുണ്ടായിരിക്കുക? കുട്ടിക്കാലത്താണോ അതോ 6 അടി ഉയരമായപ്പോഴാണോ കേള്‍പ്പിച്ചത്? രാധയും കൃഷ്ണനും ജോടിയായിരുന്നു. രാധ, കൃഷ്ണന്റെ ആരാണ്? രാധയെ ഭഗവതിയെന്നും കൃഷ്ണനെ ഭഗവാനെന്നുമാണ് പറയുന്നത്. ഇവര്‍ രണ്ടുപേരും തമ്മില്‍ എന്താണ് ബന്ധമെന്ന് ആര്‍ക്കും അറിയില്ല. കൃഷ്ണന്‍ ഗീത ഉപദേശിച്ചു എങ്കില്‍ എപ്പോള്‍? നിങ്ങള്‍ ഇങ്ങനെയുള്ള ചോദ്യങ്ങളെല്ലാം ചോദിക്കുമ്പോള്‍ മനുഷ്യര്‍ മനസ്സിലാക്കും, ഈ ജ്ഞാനം ബ്രഹ്മാകുമാരനും കുമാരിമാര്‍ക്കുമല്ലാതെ മറ്റാര്‍ക്കും ചോദിക്കാന്‍ സാധിക്കില്ല. വലിയ-വലിയ രാജാക്കന്‍മാരെല്ലാം സന്യാസിമാരെ കാണുമ്പോള്‍ കാലു പിടിക്കും. അവര്‍ക്ക് ആരോടും ചോദിക്കാനുള്ള ധൈര്യമില്ല. നിങ്ങള്‍ക്ക് ധൈര്യമുണ്ട്. ബ്രഹ്മാകുമാരിക്ക് ഒരുപാട് ജ്ഞാനമുള്ളതു കാരണമാണ് അവര്‍ രചയിതാവിന്റെയും രചനയുടെയും ജ്ഞാനം നല്‍കുന്നത്. രചയിതാവിന്റെയും രചനയുടെയും ജീവചരിത്രമാണ് കേള്‍പ്പിക്കുന്നത്. ശിവജയന്തി ആഘോഷിക്കുകയും, പൂജകളെല്ലാം ചെയ്യുകയും ചെയ്യുന്നു എങ്കില്‍ തീര്‍ച്ചയായും എപ്പോഴെങ്കിലും വന്നിട്ടുണ്ടായിരിക്കും, അതുകൊണ്ടാണല്ലോ ശിവജയന്തി ആഘോഷിക്കുന്നത്? ശിവബാബ എപ്പോഴാണ് വന്നത്? നിരാകാരനായ ശിവബാബക്ക് തന്റേതായ ശരീരമില്ല. ശിവജയന്തി ആഘോഷിക്കുന്നു എങ്കില്‍ തീര്‍ച്ചയായും ശരീരത്തിലേക്ക് വന്നിട്ടുണ്ടായിരിക്കും? നിരാകാരന്റെ ജയന്തി എങ്ങനെയാണ് ആഘോഷിക്കുന്നത്. ആത്മാവ് അമരനാണ്. മരിച്ച് ജനിക്കുമ്പോഴാണ് ജയന്തി ആഘോഷിക്കുന്നത്. ആത്മാവിന്റെ ജയന്തി ആഘോഷിക്കാറില്ല. ആത്മാവ് അവിനാശിയാണ്. ആത്മാവിന്റെ ജയന്തിയാണെന്നൊന്നും പറയില്ല. നിരാകാരനായ ശിവന്റെ ചിത്രമാണ് ലിംഗരൂപത്തില്‍ വെച്ചിരിക്കുന്നത്. നിങ്ങള്‍ കുട്ടികള്‍ക്ക് ഈ ചിന്ത ഉണ്ടായിരിക്കണം. ഇവിടെ നിന്ന് വീട്ടിലേക്കും ജോലിസ്ഥലത്തേക്കെല്ലാം പോയിക്കഴിഞ്ഞാല്‍ ഈ കാര്യങ്ങളെല്ലാം ബുദ്ധിയില്‍ നിന്നും പോകും. ചിന്തനം നടക്കില്ല. ഒരുപാട് പേര്‍ ഗുരുക്കന്‍മാരുടെ ചങ്ങലയിലെല്ലാം കുടുങ്ങിക്കിടക്കുന്നുണ്ട്. അതിന്റെ കാര്യം തന്നെ പറയണ്ട. അബലകളെല്ലാം വളരെ നിഷ്കളങ്കമായിരിക്കില്ലേ. നിങ്ങള്‍ക്ക് അവരോട് ചോദിക്കാന്‍ സാധിക്കും-ശിവജയന്തി ആഘോഷിക്കുന്നുണ്ട് എന്നാല്‍ ശിവന്‍ ആരാണ്? ശിവന്‍ എന്താണ് വന്ന് ചെയ്തത്, എപ്പോഴാണ് വന്നത്? ജയന്തി എന്നാല്‍ ജന്മം. നിരാകാരനായ ശിവന്റെ ജന്മദിനം ആഘോഷിക്കുന്നു, ശിവന്‍ നിരാകാരനാണെങ്കില്‍ എങ്ങനെയാണ് ജന്മദിനം ആഘോഷിക്കുന്നത്? ശിവന്‍ ഏതിലാണ് വരുന്നത്? ആത്മാവ് ശരീരത്തിലേക്ക് വരുമ്പോള്‍ പറയാം ജന്മമെടുത്തു എന്ന്. ആത്മാവ് ആത്മാവ് തന്നെയാണ്. ആത്മാവ് ശരീരത്തിലേക്ക് പ്രവേശിച്ചാണ് പാര്‍ട്ട് അഭിനയിക്കുന്നത്. ശിവന്‍ നിരാകാരനാണ്. എങ്ങനെയാണ് ജന്മമെടുത്തത്? ഏതിലാണ് വന്നത്? ശിവനെ പരമാത്മാവെന്നാണ് പറയുന്നത് എന്ന് ആര്‍ക്കും അറിയില്ല. ഒരുപാട് ശാസ്ത്രങ്ങളെല്ലാം പഠിച്ചാലും ഒന്നും അറിയില്ല. ഇപ്പോള്‍ നിങ്ങള്‍ ജ്ഞാനത്താല്‍ നിറഞ്ഞിരിക്കുകയാണ്. നിങ്ങള്‍ക്കിപ്പോള്‍ ജ്ഞാനം മാത്രം കേള്‍പ്പിക്കണം. ചിലരെല്ലാം 2-3 വര്‍ഷം വന്നതിനുശേഷം അജ്ഞതക്കു

വശപ്പെടുന്നു. പിന്നീട് ബാബ അജ്ഞതയെ മാറ്റി ജ്ഞാനത്തിന്റെ ധാരണ ചെയ്യിപ്പിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കാണ് ജ്ഞാനം ലഭിക്കുന്നത്. എന്നാൽ പുരുഷൻ ജ്ഞാനത്തിലും, സ്ത്രീ അജ്ഞാനത്തിലുമാണെങ്കിൽ ഹംസവും കൊറ്റിയുമായി മാറുന്നു. അതുകൊണ്ട് ആദ്യം സ്ത്രീക്ക് വേണം ജ്ഞാനം കൊടുക്കാൻ. സ്ത്രീ പതിയെ ഗുരു അഥവാ ഈശ്വരൻ എന്നാണ് അംഗീകരിക്കുന്നത് എങ്കിൽ സ്ത്രീ ഗുരുവിന്റെ ആജ്ഞയെ അനുസരിക്കണമല്ലോ. ഇത് ഇവിടുത്തെ കാര്യമാണ്. സത്യയുഗത്തിൽ ആജ്ഞയനുസരിക്കുകയും അനുസരിക്കാതിരിക്കുന്നതിന്റെയൊന്നും കാര്യമില്ല. എല്ലാവരും സ്നേഹത്തോടെയാണ് മുന്നോട്ട് പോകുന്നത്. സത്യയുഗത്തിൽ അങ്ങനെ ഒരു കാര്യം തന്നെയില്ല. അതിനാൽ പരോപകാരം തുടങ്ങേണ്ടത് ആദ്യം വീട്ടിൽ നിന്നാണ്. സ്ത്രീ ജ്ഞാനത്തിലുണ്ട്, പതി ജ്ഞാനത്തിൽ ഇല്ല, എങ്കിൽ എന്താണ് ചെയ്യാൻ സാധിക്കുന്നത്! ജ്ഞാനത്തിന്റെ ഭൂം-ഭൂം ചെയ്യണം. കുട്ടികൾക്കും ഭൂം-ഭൂം ചെയ്യണം. തന്റെ ഹംജിൻസിന്റെ മംഗളം ചെയ്യണം. അവരെയും ബാബയെ ഓർമ്മിക്കാൻ പഠിപ്പിക്കണം. ഇപ്പോൾ യുദ്ധം മുന്നിൽ നിൽക്കുകയാണ്, ബാബ വന്നിരിക്കുകയാണ്. മനുഷ്യർ വിളിക്കുന്നു-അല്ലയോ പതിത-പാവനാ വരൂ എന്ന്. പതിതമായ ലോകത്തിന്റെ വിനാശമുണ്ടാകണമെങ്കിൽ നിങ്ങൾ എന്തിനാണ് വീണ്ടും പതിതമായി മാറുന്നത്? മാതാവ് ജ്ഞാനത്തിലുണ്ടെങ്കിൽ തന്റെ ഹംജിൻസിന്റെ മംഗളം ചെയ്യണം. നിങ്ങൾ ഇപ്പോൾ ബാബയിൽ നിന്നും 21 ജന്മത്തേക്കു വേണ്ടി മുഴുവൻ സമ്പത്തും എടുക്കുകയാണ്. നിങ്ങളെ ആർക്കും സ്പർശിക്കാൻ പോലും സാധിക്കില്ല. നിങ്ങളാണ് മുഴുവൻ വിശ്വത്തിന്റെയും അധികാരിയായി മാറുന്നത്. എത്ര വ്യത്യാസമാണെന്ന് നോക്കൂ! ഇങ്ങനെ സമ്പത്ത് നൽകുന്ന ബാബയെ എത്ര ഓർമ്മിക്കണം! ഇവിടെ ഒരുപാട് പേർ മുഴുവൻ ദിവസത്തിലും ശിവബാബയെ ഓർമ്മിക്കുന്നതേയില്ല. മുഴുവൻ ദിവസവും ജോലികാര്യങ്ങളിലും, വീട്ടിലും കുടുങ്ങിക്കിടക്കുന്നു. ഇല്ലെങ്കിൽ അതിരാവിലെ എഴുന്നേറ്റ് വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. ബാബാ അങ്ങയോട് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. അങ്ങയിൽ നിന്നും ഞാൻ തീർച്ചയായും സമ്പത്തെടുക്കും. ബാബാ, അങ്ങ് എത്ര മധുരമാണ്. ബാബയുടെ ഓർമ്മയിലൂടെ ഞങ്ങളുടെ വികർമ്മങ്ങൾ വിനാശമാകും. ഉള്ളിന്റെ ഉള്ളിൽ സ്വയത്തോട് സംസാരിക്കുന്നതിനെയാണ് വിചാര സാഗര മഥനം എന്ന് പറയുന്നത്. ബാബാ, അങ്ങയിൽ നിന്നും മുഴുവൻ സമ്പത്തെടുക്കുക തന്നെ ചെയ്യും. ഇപ്പോൾ നമുക്ക് തീർച്ചയായും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം. അപ്പോൾ മാത്രമെ സത്യയുഗീ രാജ്യപദവി പ്രാപ്തമാക്കുകയുള്ളൂ. ബാബാ, അങ്ങയെ ഞങ്ങൾ നിരന്തരം ഓർമ്മിക്കും 63 ജന്മങ്ങളിലായി എത്ര പാപങ്ങളാണ് നമ്മൾ ചെയ്തത്. എത്ര പാപത്തിന്റെ ഭാരമാണ് തലയിൽ ഉള്ളത്. അതുകൊണ്ട് ബാബാ, അങ്ങയെ ഞങ്ങൾ ഒരുപാട് ഓർമ്മിക്കുന്നു. ബാബാ, ഞങ്ങൾ ഭക്ഷണം പാകം ചെയ്യുമ്പോഴും, ചുറ്റിക്കറങ്ങാൻ പോകുമ്പോഴും അങ്ങയെ മാത്രം ഓർമ്മിക്കും. ഇങ്ങനെയെല്ലാം സംസാരിച്ച്, പ്രതിജ്ഞ ചെയ്യുകയാണെങ്കിൽ വികർമ്മങ്ങൾ വിനാശമാകും. ബാബാ, ഞാൻ അങ്ങയുടെ ഓർമ്മയിൽ ഭോജനം ഉണ്ടാക്കാം. ഞങ്ങൾക്ക് തീർച്ചയായും സതോപ്രധാനമായി മാറണം. നാളെ ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ നമ്മൾ സതോപ്രധാനമായി മാറില്ല. മരണഭയമുണ്ടല്ലോ. ബാബാ നമ്മൾ ജീവിച്ചിരിക്കെ അങ്ങയിൽ നിന്നും തീർച്ചയായും സമ്പത്തെടുക്കും. പിന്നീട് നോക്കണം, ഇന്ന് മുഴുവൻ ദിവസവും ഞാൻ എത്ര ഓർമ്മിച്ചു എന്ന്. എന്ത് സംഭവിച്ചാലും ഓർമ്മയുടെ യാത്രയിൽ കഴിയുക തന്നെ വേണം. ഗൃഹസ്ഥത്തിലും കഴിയണം. യുക്തിയോടു കൂടി മുന്നോട്ട് പോകണം. ഇങ്ങനെയെല്ലാം തീവ്രഗതിയോടു കൂടി പുരുഷാർത്ഥത്തിൽ മുഴുകുകയാണെങ്കിൽ ഓർമ്മയുമുണ്ടായിരിക്കും, ആയുസ്സും വർദ്ധിക്കും. ഭാവിയിൽ നിങ്ങളുടെ ആയുസ്സ് വർദ്ധിക്കും. ഓർമ്മിക്കുന്നില്ലെങ്കിൽ ആ പദവിയും കുറഞ്ഞുപോകുന്നു. പുരുഷാർത്ഥം ചെയ്ത് ബാബയിൽ നിന്നും സമ്പത്തെടുക്കണമല്ലോ ഒപ്പം സ്വദർശന ചക്രധാരിയായി മാറണം. ഹിന്ദുക്കളെ ക്രിസ്ത്യാനികളാക്കി മാറ്റാൻ ഒരുപാട് കന്യാസ്ത്രീകളുണ്ട്. വീടുകളിലും കടകളിലുമെല്ലാം പോയി ബൈബിൾ എടുക്കൂ, ഇതെടുക്കൂ എന്നെല്ലാം പറയുന്നു. നമ്മുടെ ക്രിസ്ത്യൻ ധർമ്മത്തിൽ ഒരുപാട് സുഖമുണ്ട്. ക്രിസ്ത്യാനികളുടെയും സന്ദേശികളുണ്ട്, അതുപോലെ ബൗദ്ധികളുടെയും മിഷനുണ്ട്. അവരെന്താണ് ചെയ്യുന്നതെന്ന് ഹിന്ദുക്കൾക്കറിയില്ല. ഹിന്ദു ധർമ്മത്തിലുള്ളവരെ ക്രിസ്ത്യാനികളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. പ്രദർശിനികളിൽ നിങ്ങൾ എത്രയാണ് മനസ്സിലാക്കികൊടുക്കുന്നത്. അഭിപ്രായങ്ങളെല്ലാം എഴുതി അയക്കുന്നു. എന്നാൽ ഇവിടെ നിന്നും വീട്ടിൽ പോയാൽ എല്ലാം മറന്നു. ഇതിനെക്കുറിച്ചാണ് മഹിമയുള്ളത്-കുരങ്ങൻമാരുടെ മുന്നിൽ രത്നങ്ങൾ വെച്ചാൽ കല്ലുകളാണെന്ന് മനസ്സിലാക്കി എടുത്തു കളയും. അതിനാൽ ഈ അവിനാശി ജ്ഞാന രത്നങ്ങളും കല്ലുകളാണെന്ന് മനസ്സിലാക്കി കീറി കളയുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. ശരിയാണ്, ഈ ധർമ്മത്തിലുള്ളവർക്ക് ഈ കാര്യങ്ങൾ മനസ്സിലാകും. കാര്യം വളരെ സഹജമാണ്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. ബാബ ഭാരതത്തിൽ ഒരു തവണയാണ് വരുന്നത്.

ബാബ പറയുന്നു- നിങ്ങൾ പതിത-പാവനനായ എന്നെയാണ് വിളിച്ചു വന്നത്. ഇപ്പോൾ ഞാൻ നിങ്ങളെ

സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാനാണ് വന്നിരിക്കുന്നത്. നിങ്ങൾ പറയുന്നു-നമ്മൾ ഈ ഭ്രഷ്ടാചാരിയായ ലോകത്തെ ശ്രേഷ്ഠാചാരിയാക്കി മാറ്റും എന്ന്. ഇപ്പോൾ എല്ലാവരും നരകവാസികളാണ്. ഇപ്പോൾ നിങ്ങൾ ശിവബാബയുടെ ശ്രീമതമനുസരിച്ചാണ് നടക്കുന്നത്. ശിവഭഗവാനുവാചയാണ്-ബാബ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയും രാജാക്കൻമാരുടെയും രാജാവുമാക്കി മാറ്റുന്നു. ഗീതയിൽ വളരെ നല്ല രീതിയിലാണ് എഴുതിയിട്ടുള്ളത്-ബാബ സാധു-സന്യാസിമാരെക്കൂടി ഉദ്ധരിക്കാനാണ് വന്നിരിക്കുന്നത് എന്ന് പറയുന്നു. അതിനാൽ ഇത് ഗീത പഠിക്കുന്നവർക്കും കേൾപ്പിക്കണം. വിളിക്കുന്നുണ്ട്- പതിത-പാവനാ സീതമാരുടെ രാമാ വരൂ എന്ന്. ഇതിന്റെ അർത്ഥം ആരും മനസ്സിലാക്കുന്നില്ല. എല്ലാവരും ഭക്തകളും അഥവാ സീതമാരുമാണ്. സീതമാരാണ് വിളിക്കുന്നത്-രാമാ വന്ന് എല്ലാ സീതമാരെയും ഉദ്ധരിക്കൂ എന്ന്. പിന്നീട് പറയുന്നു-രഘുപതി രാഘവ രാജാ രാം എന്ന്....വാസ്തവത്തിൽ രാജാവിന്റെയോ രാമന്റെയോ കാര്യമല്ല. മുഖ്യമായ തെറ്റ് ഇതാണ്. ശിവനു പകരം ശ്രീകൃഷ്ണന്റെ പേരിട്ടിരിക്കുന്നു. കൃഷ്ണനെ അഥവാ രാമനെ കറുത്തതാക്കി കാണിച്ചിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് ചോദിക്കണം. സത്യ-ത്രേതാ യുഗത്തിൽ സുന്ദരൻമാരാണ് പിന്നീട് കറുത്തതായി മാറുന്നു. ആദ്യം സ്വർണ്ണിമയുഗം, വെള്ളിയുഗം, അതിനുശേഷമാണ് ചെമ്പുയുഗവും ഇരുമ്പുയുഗവും. ഈ സമയം ഇരുമ്പുയുഗമാണ്. സ്വർണ്ണിമയുഗമായിരുന്നപ്പോൾ എത്ര മാന്യരായിരുന്നു. അതിനാൽ യുക്തിയോടു കൂടി മനസ്സിലാക്കികൊടുക്കണം. മനുഷ്യരൊന്നും പെട്ടെന്ന് തന്റെ അഹങ്കാരം ഉപേക്ഷിക്കില്ല. വൃക്ഷത്തിന്റെ ആയുസ്സ് കൂടുമ്പോൾ ജീർണ്ണിച്ചതായി മാറുന്നു. അതേപോലെ ഈ ലോകത്തിന്റെയും ആയുസ്സുണ്ടല്ലോ. പുതിയ ലോകവും പഴയ ലോകവും. പഴയത് എന്നാൽ കലിയുഗമാകുന്ന തമോപ്രധാന ലോകം. ഈ ലോകത്തിൽ ഒരാളു പോലും സതോപ്രധാനമായിട്ടില്ല. ഇപ്പോൾ തമോപ്രധാനമായ ഈ ലോകം നശിക്കണം. പുതിയ ലോകം ആരാണ് സ്ഥാപിക്കുന്നത്? ബാബ തന്നെ. പ്രളയമൊന്നും ഉണ്ടാകുകയില്ല. പതിതമാകുമ്പോഴാണ് ബാബയെ വിളിക്കുന്നത്. പിന്നീട് പറയുന്നു വന്ന് പാവനമാക്കി മാറ്റൂ. അതിനാൽ വരുന്നത് പതിതമായ ലോകത്തിലായിരിക്കുമല്ലോ. പതിത-പാവനൻ എന്ന് പറയുകയാണെങ്കിൽ തീർച്ചയായും അവസാനമല്ലേ വരുകയുള്ളൂ. ബാബ സ്വയം പറയുന്നു-ഞാൻ കല്പ-കല്പം, കല്പത്തിലെ സംഗമയുഗത്തിലാണ് പാവനമായ ലോകമുണ്ടാക്കാൻ വരുന്നത്. ഇപ്പോൾ സംഗമത്തിലാണ്. ഇപ്പോൾ ബാബ എല്ലാവരേയും സത്ഗതിയിലേക്കാണ് കൊണ്ടുപോകുന്നത്. അപ്പോൾ ഇങ്ങനെയുള്ള ബാബയുടെ ശ്രീമതമനുസരിച്ചു വേണമല്ലോ നടക്കാൻ. തന്റെ അവസ്ഥയെ ശക്തിശാലിയാക്കി മാറ്റണം. അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കണം. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം. കർമ്മേന്ദ്രിയങ്ങളെല്ലാം ശരീരത്തിന്റേതാണ്. ബാബ പറയുന്നു-അല്ലയോ കുട്ടികളെ, ഞാൻ നിങ്ങളെ കേൾപ്പിക്കുന്നത് മാത്രം കേൾക്കൂ. മുക്തി-ജീവൻമുക്തി ലഭിക്കുന്നതിനു വേണ്ടി മറ്റാരും പറയുന്നത് കേൾക്കരുത്. ബാബ പരമധാമത്തിൽ നിന്നാണ് പാവനമാക്കി മാറ്റാൻ വന്നിരിക്കുന്നത്. പിന്നീട് നിങ്ങൾ എന്തിനാണ് പഴയ ശാസ്ത്രങ്ങളെയെല്ലാം ഓർമ്മിക്കുന്നത്. ഭക്തി ചെയ്യുന്നത് തന്നെ ഭഗവാനെ ലഭിക്കാനാണ്. ഭഗവാൻ എല്ലാവരുടെയും സത്ഗതി ദാതാവായ ബാബയാണല്ലോ. ബാബക്കല്ലാതെ ഈ ജ്ഞാനം മറ്റാർക്കും നൽകാൻ സാധിക്കില്ല. ഈ ലക്ഷ്മി-നാരായണനു പോലും രാജ്യം എങ്ങനെയാണ് ലഭിക്കുന്നത്? ആത്മാവിനെക്കുറിച്ചാണ് പറയുന്നത്, ബിന്ദു എന്ന്, തിളങ്ങുന്ന അത്ഭുതകരമായ ഒരു നക്ഷത്രമാണെന്ന്. ബാബ മനസ്സിലാക്കിതരുന്നു-നിങ്ങൾ എന്നെ തന്നെയാണ് പറയുന്നത്, പരമാത്മാവ് സുപ്രീം ആത്മാവാണ്. ലൗകീക അച്ഛനെ പരമാത്മാവെന്ന് പറയുമോ? പരമധാമത്തിൽ വസിക്കുന്ന പരമാത്മാവിനെയാണ് സുപ്രീം ആത്മാവെന്ന് പറയുന്നത്. പരമാത്മാവ് നിങ്ങളുടെ അച്ഛനാണ്. ബാബയാണ് ബ്രഹ്മാവിൽ പ്രവേശിക്കുന്നത്. ഗുരു ശിഷ്യന്റെ തൊട്ടടുത്തല്ലേ ഇരിക്കുന്നത്. ഈ കാര്യങ്ങളൊന്നും ശാസ്ത്രങ്ങളിലില്ല. ബാബ നമ്മുടെ അച്ഛനാണെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. ബാബ 5000 വർഷങ്ങൾക്കു മുമ്പും യോഗം പഠിപ്പിച്ചിരുന്നു-എന്നെ മാത്രം ഓർമ്മിക്കൂ വിഷ്ണു പുരിയേയും ഓർമ്മിക്കൂ എന്ന്. അതിനാൽ ഇങ്ങനെ സംഗമയുഗത്തിലായിരിക്കും പറയുക. സത്യയുഗത്തിൽ ഒരു ധർമ്മമായിരുന്നു .അതിനാൽ വീണ്ടും ഒരു ധർമ്മമായിരിക്കുമല്ലോ. അനേക ധർമ്മങ്ങളെല്ലാം വിനാശമാകും. ഇത് അതേ സമയമാണ്. ബാബ പറയുന്നു-നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റാം. ബാബയുടെ ഓർമ്മയിലൂടെയാണ് നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നത്. ബാബ പറയുന്നു- നല്ല രീതിയിൽ സേവനം ചെയ്യുന്നവരെയാണ് ബാബ ഓർമ്മിക്കുന്നത്. കാരണം അവർ ബാബയുടെ സഹയോഗികളാണ്. ഒരുപാട് പേരുടെ മംഗളം ചെയ്യുന്നവരെയാണ് ബാബക്ക് പ്രിയം. നിങ്ങൾക്ക് സമ്പത്ത് നൽകുന്ന ഒരു ബാബയോടാണ് പ്രിയം, അതുകൊണ്ട് നിങ്ങൾക്ക് നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. ഓർമ്മയുടെ യാത്രയിൽ കഴിയണം. എന്നാൽ ഒരുപാട് വ്യർത്ഥമായ ചിന്തകളും വരും. ഭക്തിമാർഗ്ഗത്തിൽ ശിവന്റെ ദർശനത്തിനു വേണ്ടി ഒരുപാട് പരിശ്രമിക്കുകയും ചെയ്യുന്നു, സ്വയം മരിക്കുക പോലും ചെയ്യുന്നു. ബാബയുടെ ഓർമ്മയിലൂടെ പാപങ്ങൾ ഇല്ലാതായി 21 ജന്മത്തേക്കുള്ള സമ്പത്ത് ലഭിക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നു. ദർശനം കിട്ടുന്നതിലൂടെ ഒരു പാപങ്ങളും

ഇല്ലാതാകുന്നില്ല. വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. നമ്മൾ എന്തായി മാറുകയാണെന്ന് നമ്മുടെ ബുദ്ധിയിലുണ്ട്. അടുത്ത ജന്മത്തിൽ നമ്മൾ ഇതായി മാറും. സത്യയുഗത്തിലെ രാജകുമാരനും രാജാകുമാരിയുമാക്കി മാറ്റാനുള്ള കോളേജാണ്. ബാബ ധർമ്മത്തോടൊപ്പം ദേവീ-ദേവതാ രാജ്യം കൂടി സ്ഥാപിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം:

1. ബാബ മുക്തി-ജീവൻമുക്തിക്കുവേണ്ടി കേൾപ്പിച്ച ജ്ഞാനത്തിന്റെ കാര്യങ്ങൾ തന്നെ കേൾക്കുകയും ധാരണ ചെയ്യുകയും വേണം. ബാക്കിയെല്ലാം മറക്കണം. സ്വയത്തിന്റെയും തന്റെ ലൗകീക പരിവാരത്തിന്റെയും മംഗളം ചെയ്യണം.

2. വ്യർത്ഥമായ ചിന്തകളെ ഇല്ലാതാക്കുന്നതിനുവേണ്ടി അതിരാവിലെ എഴുന്നേറ്റ് വിചാര സാഗര മഥനം ചെയ്യണം. ഓർമ്മയുടെ യാത്രയിൽ കഴിയണം.

## വരദാനം:- മൂന്ന് കാലങ്ങളെയും മുന്നിൽ വെച്ച് ഒരോ കാര്യത്തിലും സഫലത നേടുന്ന സദാ വിജയിയായി ഭവിക്കട്ടെ.

ലൗകിക രീതിയിലാണെങ്കിലും വിവേകശാലികൾ മുമ്പും പിമ്പും ചിന്തിച്ചശേഷമാണ് ചുവട് വെക്കുക. അതേപോലെ ഇവിടെയും താങ്കൾ കുട്ടികൾ ഏതെങ്കിലും കാര്യം ചെയ്യുമ്പോൾ ആദ്യം മൂന്ന് കാലങ്ങളെയും മുന്നിൽ വെച്ച് പിന്നീട് ചെയ്യൂ, കേവലം വർത്തമാനത്തെ മാത്രം കാണരുത്, പരിധിയില്ലാത്ത ജ്ഞാനം ധാരണ ചെയ്യൂ, ഒപ്പം വിജയിയാണെന്നുള്ള നിശ്ചയത്തിന്റെ ആധാരത്തിൽ അഥവാ ത്രികാല ദർശിത്വത്തിന്റെ ആധാരത്തിൽ ഓരോ കർമ്മവും ചെയ്യൂ, ഓരോ വാക്കും ഉച്ചരിക്കൂ, അപ്പോൾ പറയാം അലൗകികം അഥവാ അസാധാരണം.

## സ്ലോഗൻ:- പരിധിയുള്ള തീരങ്ങളെ വിട്ട് ഒരു ബാബയെ ആശ്രയമാക്കി മാറ്റൂ എങ്കിൽ തോണി അക്കരെയെത്തും.